## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 510** **09-07-2024 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ് തടയുന്നതിനും ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിനും വ്യാജ രജിസ്ട്രേഷൻ തടയുന്നതിനും കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങൾ ജി എസ് ടി കൗൺസിലിൽ ശക്തമായ ആവശ്യം ഉന്നയിച്ചതിനെത്തുടർന്ന് രാജ്യമൊട്ടാകെ ജി എസ് ടി രജിസ്ട്രേഷൻ എടുക്കുന്നതിനു ബയോ മെടിക് ആധാർ ഓതെന്റിക്കേഷൻ നിർബന്ധമാക്കുന്നതിനു 2024 ജൂൺ 22 നു ചേർന്ന അൻപത്തിമൂന്നാമത് ജി എസ് ടി കൗൺസിൽ മീറ്റിങ്ങിൽ തീരുമാനമെടുത്തിട്ടുണ്ട്. നേരത്തെ ഇതിന്റെ പൈലറ്റ് പ്രൊജക്റ്റ് ഗുജറാത്തിലും പുതുച്ചേരിയിലും നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. വ്യാജ രജിസ്ട്രേഷൻ തടയുന്നതിന് ഇത് വളരെയധികം സഹായകമാകുന്നുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് രാജ്യമൊട്ടാകെ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച കേന്ദ്ര, സംസ്ഥാന വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആയത് പ്രാബല്യത്തിൽ വരുന്നതായിരിക്കും. |
| (ബി) | നികുതി വെട്ടിപ്പിനെതിരെ സംസ്ഥാനത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നികുതി വെട്ടിപ്പിനെതിരെ സംസ്ഥാനത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. നികുതി വെട്ടിപ്പ് കൂടുതലായി കണ്ടുവരുന്ന ചരക്ക്, സേവന മേഖലകളെ പ്രത്യേകമായി നിരീക്ഷിച്ചു കൂടുതൽ പരിശോധനകൾ നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വ്യാജ രജിസ്ട്രേഷൻ, വ്യാജ ബില്ലുകൾ എന്നിവയിലൂടെയുള്ള നികുതി വെട്ടിപ്പ് കണ്ടെത്തി പൂർണമായും തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലെ സമാന വകുപ്പുകളെയും കൂടി |

| | | | |
|---|---|---|---|
| | | | സംയോജിപ്പിച്ച അന്തർ സംസ്ഥാന രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | നികുതി വെട്ടിപ്പ് അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ കണിശമാക്കുമ്പോൾ കൃത്യമായി വിവരങ്ങൾ നൽകുകയും നികുതി അടയ്ക്കുകയും ചെയ്യുന്ന വ്യാപാരി-വ്യവസായികൾ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ? | (സി) | കൃത്യമായി റിട്ടേൺ ഫയൽ ചെയ്യുകയും നികുതിയടക്കുകയും ചെയ്യുന്ന വ്യാപാരി-വ്യവസായികൾക്ക് ബുദ്ധിമുട്ട് വരാതിരിക്കുന്നതിന് വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ഇന്റലിജൻസ് നടപടികൾ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ തെളിവുകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് നടത്തപ്പെടുന്നത്. ആയതിനാൽ കൃത്യമായി നികുതിയടക്കുന്ന വ്യാപാരികൾ ഇത്തരം നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ